# പ്രവേശനോത്സവഗാനം - 2014

പുഞ്ചിരിമലർ വിരിയിയ്ക്കും പൂത്തുമ്പികളേ
പുസ്തകവും കൊണ്ടു വരൂ ചങ്ങാതികളേ
അക്ഷരമണി മുത്തുകളാൽ കവിത ചമയ്ക്കൂ
നക്ഷത്രപ്പൊൻ വെട്ടം വാരി നിറയ്ക്കൂ.....
വാരി നിറയ്ക്കൂ... വാരി നിറയ്ക്കൂ.....

(പുഞ്ചിരി.....)

ഹൃദയങ്ങൾ നന്മകളുടെ കതിർ ചൂടുകയായ്
കിരണങ്ങൾ പുലരിച്ചിരി കണിവെയ്ക്കുകയായ്
തൊടി നീളെ കുയിലുകളുടെ കൂകൂരവമായ്.....
പുതു പുത്തൻ പ്രതിഭകളുടെ സ്നേഹാരവമായ്.....
സ്നേഹാരവയായ്...

(പുഞ്ചിരി.....)

അറിവിൻ തേൻകനിനുകരാൻ ഇവർ പോരുകയായ്
അരികിൽ പൂഞ്ചില്ലകളോ വരവേൽക്കുകയായ്
തിരമാലകൾ ഒരുപാട്ടിന് ശ്രുതിമീട്ടുകയായ്
വഴി നീളെ ശലഭങ്ങൾ ചെവിയോർക്കുകയായ്.....
ചെവിയോർക്കുകയായ്.....

(പുഞ്ചിരി.....)

മലയാളക്കരയാകെ വർണ്ണോത്സവമായ്
മനസ്സുകളിൽ സംഗീതം മഴപെയ്യുകയായ്
മിഴികളിൽ നവഭാവങ്ങൾ തിരിവെയ്ക്കുകയായ്
ആകാശത്താഹ്ലാദം വരമുദ്രകളായ്.....
വരമുദ്രകളായ്...

(പുഞ്ചിരി.....)

| | | |
|---|---|---|
| രചന | : | രമേശ് കാവിൽ |
| സംഗീതം | : | ഡോ. മണക്കാലഗോപാലകൃഷ്ണൻ |
| ആലാപനം | : | ജി. വേണുഗോപാൽ |